494

ഞാനെന്റെ കർത്താവിൻ സ്വന്തം സ്വരക്തത്താൽ
താനെന്നെ വാങ്ങിയതാൽ ദയ തോന്നിയെന്നെത്തൻ
മകനാക്കിത്തീർത്തൊരു സ്നേഹം മറക്കാവതോ?

1 കൃപയാലെ ദൈവം ക്രിസ്തുവിലെന്നെ കു യുഗങ്ങൾക്കു മുന്നേ
അന്നേ ബലിയാകാൻ ദൈവകുഞ്ഞാടിനെ കരുതിയെനിക്കായവൻ-

2 തൻമക്കളെത്തൻ കണ്മണി പോലെയുണ്മയിൽ കാക്കുന്നതാലെ
കലങ്ങാതെയുലകിൽ ഞാൻ കുലുങ്ങാതെ ധൈര്യമായ്
അനുദിനം വാഴുന്നു ഹാ!-

3 കർത്താവെന്നെത്തൻ കൂടാരമറവിൽ കാത്തിടും കഷ്ടത വരികിൽ
ചുറ്റുമെതിർക്കുന്ന ശത്രുക്കൾ മുമ്പിൽ ഞാൻ മുറ്റും ജയം നേടിടും-

4 ഒന്നേയെന്നാശ തൻ സന്നിധാനം ചേർന്നെന്നുമാനന്ദഗാനം
പാടിപ്പുകഴ്ത്തിത്തൻ മന്ദിരത്തിൽ ധ്യാനം
ചെയ്തെന്നും പാർത്തിടണം-

**M.E.C.**